LIBRARY ARCHIVES Kerala Legislative Assembly

സർക്കാർ കേസുകൾ

147 (154) ശ്രീ. കെ. രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർക്കാർ വാദിയായിട്ടുള്ള എത്ര കേസുകൾ വിവിധ കോടതികളിൽ വിധിയായിട്ടുണ്ടെന്ന് വകുപ്പുകൾ തിരിച്ച് വിശദാംശങ്ങൾ ലഭ്യമാക്കാമോ ;

(ബി) ഇവയിൽ എത്ര കേസുകളിൽ സർക്കാർ ഭാഗം വിജയിച്ചുവെന്നും എത്ര കേസുകളിൽ സർക്കാർ ഭാഗം പരാജയപ്പെട്ടുവെന്നും വിശദമാക്കുമോ ;

(സി) കോടതികളിൽ സർക്കാർ അഭിഭാഷകർ നിശ്ചിത സമയങ്ങളിൽ ഹാജരാകാതിരിക്കുകയും കേസുകൾ നടത്തിക്കുന്നതിൽ പ്രതിഭാഗത്തിനനുകൂലമായ വിധം നടപടികൾ സ്വീകരിക്കുന്നതിലൂടെയും സർക്കാർ ഭാഗം പരാജയപ്പെടുന്നതായ വ്യാപകമായ പരാതികൾ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ സർക്കാർ അഭിഭാഷകരുടെ പ്രവർത്തനങ്ങളും ഉത്തരവാദിത്തങ്ങളും കുറ്റമറ്റതാണെന്നുറപ്പുവരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചുവരുന്നു.

അഡ്വക്കേറ്റ് ജനറൽ വിളിച്ചുചേർത്ത ലാ ആഫീസേഴ്സിന്റെ യോഗം

148 (155) ശ്രീ. എം. എ. ബേബി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിൽ നിന്നുണ്ടായ വിമർശനത്തെ തുടർന്ന് കൊച്ചി ബോൾഗാട്ടി പാലസിൽ അഡ്വക്കേറ്റ് ജനറൽ വിളിച്ചുചേർത്ത ലോ ഓഫീസേഴ്സിന്റെ യോഗത്തിൽ കൈക്കൊണ്ട തീരുമാനങ്ങൾ വിശദമാക്കുമോ ;

(ബി) പ്രസ്തുത യോഗത്തിന്റെ അംഗീകരിച്ച മിനിട്ട്സിന്റെ ഒരു പകർപ്പ് സഭയുടെ മേശപ്പുറത്ത് ലഭ്യമാക്കുമോ ;

(സി) പ്രസ്തുത യോഗത്തിൽ പങ്കെടുത്ത് മുഖ്യമന്ത്രി നല്കിയ നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നു ;